**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ശ്രീ.ലതേഷ് കുമാർ വി.വി, നഗരസഭാ സെക്രട്ടറി - തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 1106/2021/തസ്വഭവ. തീയതി, തിരുവനന്തപുരം, 08/06/2021

പരാമർശം :- 1. 22.01.2021 തീയതിയിലെ സ.ഉ (സാധാ) നം. 184/2021/തസ്വഭവ നമ്പർ ഉത്തരവ്.

2. ശ്രീ.ലതേഷ് കുമാർ വി.വി, നഗരസഭ സെക്രട്ടറിയുടെ 02.02.2021 തീയതിയിലെ അപേക്ഷ

3. ശ്രീമതി.ബീന എസ്.കുമാർ, നഗരസഭ സെക്രട്ടറി ഫയൽ ചെയ്ത OA (EKM) 209/2021 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.04.2021 ലെ വിധിന്യായം.

**ഉത്തരവ്**

നഗരകാര്യ വകുപ്പിലെ ജോയിന്റ് ഡയറക്ടർ, കോർപ്പറേഷൻ സെക്രട്ടറി, നഗരസഭ സെക്രട്ടറി തസ്തികകളിൽ പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള പരാമർശം (1) ലെ ഉത്തരവ് പ്രകാരം പട്ടാമ്പി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ലതേഷ് കുമാർ വി.വി-യെ അങ്കമാലി നഗരസഭാ സെക്രട്ടറിയായും, അങ്കമാലി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.ബീന എസ്.കുമാറിനെ പന്തളം നഗരസഭാ സെക്രട്ടറിയായും സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ അങ്കമാലി നഗരസഭാ സെക്രട്ടറിയായ ശ്രീമതി.ബീന എസ്.കുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 209/2021 മേലുള്ള 29.01.2021 ലെ വിധിന്യായ പ്രകാരം മേൽ സ്ഥലംമാറ്റം സ്റ്റേ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) ലെ നിവേദനം പരിഗണിക്കുന്നതിനും, സൗകര്യപ്രദമായ നഗരസഭയിൽ ശ്രീ.ലതേഷ് കുമാറിന് നിയമനം നൽകുന്നതിനും പരാമർശം (3) ലെ വിധിന്യായത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടാമ്പി നഗരസഭയിൽ നിന്ന് സ്ഥലംമാറ്റപ്പെട്ടുകയും എന്നാൽ അങ്കമാലി നഗരസഭയിൽ പ്രവേശിയ്ക്കാൻ കഴിയാതെ വരികയും

ചെയ്ത സാഹചര്യം പരിഗണിച്ച് ശ്രീ.ലതേഷ് കുമാർ വി.വി-യെ തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാതൃൂ**

**അഡീഷണൽ സെക്രട്ടറി.**

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ

ശ്രീ.ലതേഷ് കുമാർ വി.വി, നഗരസഭ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെ ബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.